No. 261/J1/2023

ഇൻസ്പെക്ടർ എസ്,എച്ച്. ഓ,

ബാലുശ്ശേരി പോലീസ് സ്റ്റേഷൻ.
ബാലുശ്ശേരി , കോഴിക്കോട് റൂറൽ

ഫോൺ 0496 2642040

shoblsrykkdrl.pol@kerala.gov.in

പ്രേഷകൻ

ഇൻസ്പെക്ടർ എസ്.എച്ച്.ഓ

ബാലുശ്ശേരി പോലീസ് സ്റ്റേഷൻ.

സ്വീകർത്താവ്

ജില്ലാ പോലീസ് മേധാവി,

കോഴിക്കോട് റൂറൽ

സർ,

വിഷയം ബാലുശ്ശേരി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം ലേലം -ചെയ്യുന്നത് സംബന്ധിച്ച്

സൂചന B3-6654/2022/DR dtd. 13.12.2022

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു.

ബാലുശ്ശേരി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന 14 തെങ്ങ്, 5 പ്ലാവ്, പുളി 2, മാവ് 1 എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും അടുത്ത ഒരു വർഷത്തേക്ക് ആദായം എടുക്കുവാനുള്ള അവകാശം പരസ്യമായി ലേലം ചെയ്യുന്നതിനായി മേൽ സൂചന പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 15.03.2023 തിയ്യതി രാവിലെ 11.00 മണിക്ക് സ്റ്റേഷൻ പരിസരത്ത് വെച്ച് ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത ലേല നടപടികൾക്കായി താഴെ പറയുന്ന ഉദ്യോഗസ്ഥരെ അംഗങ്ങളായി ഉൾകൊള്ളിച്ചുകൊണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട് എന്നുള്ള വിവരം മേലധികാരത്തിങ്കലേക്ക് അറിയിക്കുന്നു. ലേല പരസ്യം ഇതൊന്നിച്ചുണ്ട്.

1. സുരേഷ് കുമാർ. എം.കെ, ഇൻസ്പക്ടർ എസ്.എച്ച്.ഓ, ബാലുശ്ശേരി പോലീസ് സ്റ്റേഷൻ
2. റഫീക്ക്. പി, സബ് ഇൻസ്പക്ടർ, ബാലുശ്ശേരി പോലീസ് സ്റ്റേഷൻ.
3. സുബൈർ.കെ.കെ. സ്റ്റേഷൻ റൈറ്റർ, ബാലുശ്ശേരി പോലീസ് സ്റ്റേഷൻ.

BALUSSERY POLICE STATION Date:... Pin 673612 KOZHIKODE RURAL

വിശ്വസ്തതയോടെ ,

INSPECTOR SHO
BALUSSERY POLICE STATION
KOZHIKODE RURAL

No. 261/J1/2023

ഇൻസ്പെക്ടർ എസ്.എച്ച്. ഓ,

ബാലുശ്ശേരി പോലീസ് സ്റ്റേഷൻ.

ബാലുശ്ശേരി , കോഴിക്കോട് റൂറൽ

ഫോൺ 0496 2642040

shoblsrykkdrl.pol@kerala.gov.in

## ലേല പരസ്യം

_____ കോഴിക്കോട് റൂറൽ ജില്ലയിൽ ബാലുശ്ശേരി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സ്റ്റേഷൻ ഉടമസ്ഥതയിലുള്ള സ്ഥലത്തുള്ള താഴെ പറയുന്ന ഫലവൃക്ഷങ്ങളിൽ നിന്നും 01.04.2023 തിയ്യതി മുതൽ 31.03.2024 തിയ്യതി വരെയുള്ള കാലയളവിലെ മേലാദായം എടുക്കുന്നതിനുള്ള ലേലം 15.03.2023 തിയ്യതി രാവിലെ 11.00 മണിക്ക് ബാലുശ്ശേരി പോലീസ് സ്റ്റേഷൻ പരിസരത്തുവെച്ച് നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് ഹാജരാകേണ്ടതും നിരതദ്രവ്യമായി 500/ രൂപ കെട്ടിവെയ്ക്കേണ്ടതുമാണ്.

2. ലേലം കൊണ്ടയാൾ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് ലഭിക്കുമ്പോൾ ബാക്കി തുക അടയ്ക്കേണ്ടതാണ്.

3. ലേലം കഴിഞ്ഞാൽ ഇടൻ തന്നെ ലേലം കൊണ്ട ആൾ ഒഴികെ മുഴുവൻ പേരുടെയും കെട്ടിവെച്ച നിരത ദ്രവ്യം തിരികെ നൽകുന്നതായിരിക്കും

4. ഈ ലേലത്തിനെ സംബന്ധിച്ച് പുനർലേലം നടത്തുന്നതിനും യാതൊരു അറിയിപ്പും കൂടാതെ ലേലം റദ്ദാക്കുന്നതിനും അധികാരം ജില്ലാപോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും

| | |
|---|---|
| തെങ്ങ്- | 14 |
| പ്ലാവ്- | 05 |
| മാവ് | 01 |
| പുളി- | 02 |

BALUSSERY POLICE STATION
Date:.
Pin 673612
KOZHIKODE RURAL

ഇൻസ്പെക്ടർ എസ്.എച്ച്. ഓ,

ബാലുശ്ശേരി.

31.01.2023

കോപ്പികൾ 1) നോട്ടീസ് ബോർഡ്,

2) ബാലുശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ പഞ്ചായത്തുകളിലെയും, വില്ലേജ് ഓഫീസുകളുടെയും നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുന്നതിനും, പരസ്യപ്പെടുത്തുന്നതിനുമായി.